# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 സെപ്റ്റംബർ 29, വ്യാഴം

### നമ്പർ 19

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന് സംയുക്ത കൗൺസിലിംഗ് അനുവദിച്ച ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകാത്തതിനാലും വർദ്ധിപ്പിച്ച ഫീസ് നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സണ്ണിജോസഫും മറ്റൊരംഗവും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിലിറങ്ങുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

ദുർബലമായ കാലവർഷം മൂലം സംസ്ഥാനം അഭിമുഖീകരിക്കാനിടയുള്ള വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കം നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ജോർജ് എം. തോമസ് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

പ്രതിപക്ഷബഹളം കാരണം 10.23-ന് സ്പീക്കർ സഭ നിർത്തിവെച്ചു.

രാവിലെ 11.58-ന് സഭ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു. ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്കരിക്കുന്നതായുള്ള പ്രതിപക്ഷ തീരുമാനം പ്രതിപക്ഷനേതാവ് അറിയിച്ചു.

ചട്ടം 304 പ്രകാരമുള്ള സബ്മിഷനുകൾ റദ്ദ് ചെയ്തു.

KNPP.12/2017(i).

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

<u>ചട്ടം 47(2) പ്രകാരം</u>

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2049, പതിനഞ്ചാം സമ്മേളനത്തിലെ 1436 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും

പതിമൂന്നാം കേരള നിയസമഭയുടെ ഒന്നാം സമ്മേളനത്തിലെ 2124, ഒമ്പതാം സമ്മേളനത്തിലെ 2655,4245 പത്താം സമ്മേളനത്തിലെ 2919, 2939, പന്ത്രണ്ടാം സമ്മേളനത്തിലെ 2893, പതിനാലാം സമ്മേളനത്തിലെ 2489, 3799, പതിനാറാം സമ്മേളനത്തിലെ 1056, 1109, 2595, 2599, 2604, 2612, 2616, 2617, 2636, 2639, 2642, 2643, 2649 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരളനിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4729, 4784, പതിനാലാം സമ്മേളനത്തിലെ 5201, പതിനാറാം സമ്മേളനത്തിലെ 2696 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(i) പൊതുമരാമത്തും രജിസ്ട്രേഷനും സംബന്ധിച്ച അഞ്ചാം സബ്ജക്ട് കമ്മിറ്റിയുടെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(ii) 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(iii) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

ധനകാര്യം

## 2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

XII, XIII, XIV എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ മേശപ്പുറത്തുവച്ചു.

ധനാഭ്യർഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എം. എം. മണി

ശ്രീ. സി. ദിവാകരൻ

ശ്രീ. പി. കെ. ശശി

ശ്രീ. പി. സി. ജോർജ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. ജെയിംസ് മാത്യു

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി പറഞ്ഞു. മൂന്ന് ധനാഭ്യർത്ഥനകളും സഭ പാസ്സാക്കി.

2016 സെപ്റ്റംബർ 30-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 2.06-ന് സഭ പിരിഞ്ഞു.

**വി. കെ. ബാബുപ്രകാശ്,**
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## SECOND SESSION

# BULLETIN—PART I

(Brief Record of Proceedings)

*Thursday, September 29, 2016*

**No.19**

The Assembly met at 8.30 am with Mr. Speaker in the Chair.

*Questions*:

Four questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Health and Social Justice, the Speaker withheld the consent to the moving of an adjournment motion given notice of by Shri Sunny Joseph and another member regarding the serious situation reported to have arisen consequent to the stubborn attitude of the Government against the demand to reduce the hike in self financing Medical College fees rate and the decision not to file appeal in the Supreme Court against the High Court verdict that permitted to conduct joint counselling for admission.

As a mark of protest against the attitude of the Government in the matter the Members belonging to the opposition moved to the well of the House and tried to disrupt the proceedings of the House.

*Calling attention*:

Shri George M. Thomas called the attention of the Minister for Revenue and Housing to the necessity to take preparatory measures to face the drought situation likely to arise due to the poor rainfall in the State. The Minister made a statement thereto.

As it was difficult to conduct the business of the House due to protest of the Members belonging to the opposition, the Speaker adjourned the House temporarily at 10.23 a.m.

KNPP.12/2017(ii).

The House re-assembled at 11.53 a.m. with Mr. Speaker in the Chair.

The leader of Opposition informed the decision of the opposition to boycott the rest of the business.

Submission under Rule 304 were cancelled.

*Papers laid on the Table*:

The following papers were laid on the Table.

*As per Rule 47(2)*:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2049, പതിനഞ്ചാം സമ്മേളനത്തിലെ 1436 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2124, ഒമ്പതാം സമ്മേളനത്തിലെ 2655, 4245, പത്താം സമ്മേളനത്തിലെ 2919, 2939, പന്ത്രണ്ടാം സമ്മേളനത്തിലെ 2893, പതിനാലാം സമ്മേളനത്തിലെ 2489, 3799, പതിനാറാം സമ്മേളനത്തിലെ 1056, 1109, 2595, 2599, 2604, 2612, 2616, 2617, 2636, 2639, 2642, 2643, 2649 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരളനിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4729, 4784, പതിനാലാം സമ്മേളനത്തിലെ 5201, പതിനാറാം സമ്മേളനത്തിലെ 2696 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

*Presentation of Reports*:

The following reports were presented.

(i) The Periodical Report of Subject Committe V-Public Works and Registration as on 31 st March 2016.

(ii) The Report on the action taken on the Fifth Report of Subject Committee V regarding the scrutiny of demands for grants for the year 2015-2016.

(iii) The First Report of the Committee on Private Members' Bills and Resolutions

*Financial Business*:

Discussion and voting on the Demands in the revised Budgets for the Financial 2016-2017.

Shri Pinarayi Vijayan, Chief Minister moved Demand No. XII--Police, Demand No. XIII–Jails and Demand No. XIV–Stationery and Printing and Other Administration Services for the amount shown against them under column 9 in the list of Demands for Grants respectively.

Shri A. K. Saseendran, Minister for Transport as authorised by Minister for Finance and Coir laid on the table a statement under Rule 236(3) with regard to Demand No. XII, XIII & XIV.

Cut motions regarding the Demands for Grants were not moved.

The following members took part in the Discussion:

Shri M. M. Mani

Shri C. Divakaran

Shri P. K. Sasi

Shri P. C. George

Shri G. S. Jayalal

Shri K. Kunhiraman

Shri D. K. Murali

Shri James Mathew

Shri Pinarayi Vijayan, Chief Minister replied to the points raised in the discussion. Then the House passed the Demands.

The House adjourned at 2.06 p.m. to meet again 8.30 a.m. on September 30, 2016.

V. K. Babu Prakash,

*Secretary.*